(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്നും അതിന്റെ പ്രയോജനങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയുക്തമായി "എനിവെയർ ബാങ്കിംഗ് സിസ്റ്റം" നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതായി സംസ്ഥാന സഹകരണ ബാങ്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യത്തിലുള്ള സാങ്കേതിക സാദ്ധ്യതകൾ ആരാഞ്ഞുകൊണ്ടിരിക്കുന്നു.

(സി) സാദ്ധ്യതാ പഠനം പൂർത്തിയാക്കിയതിനു ശേഷം മാത്രമേ എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയൂ എന്ന് വ്യക്തമാകുകയുള്ളൂ. കംപ്യൂട്ടർ ശൃംഖലയുടേയും വിവര സാങ്കേതിക വിദ്യയുടേയും നൂതന സാധ്യതകൾ പ്രയോജനപ്പെടുത്തി സഹകരണ ബാങ്കിംഗ് മേഖല ആധുനികവൽക്കരിക്കുന്നതിനും അതുവഴി ഇടപാടുകാർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനും കഴിയും.

സംസ്ഥാന സഹകരണ ബാങ്കുകളിൽ പി.എസ്.സി. വഴിയല്ലാതെ നടത്തിയ നിയമനങ്ങളും പ്രൊമോഷനുകളും

96 [534] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിൽ പി.എസ്.സി.-യെ മറികടന്നുകൊണ്ട് നിയമനങ്ങളും പ്രൊമോഷനുകളും നടത്തിയത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) നിലവിലുള്ള ഭരണ സമിതി അധികാരം ഏറ്റെടുത്തതിനുശേഷം സംസ്ഥാന സഹകരണ ബാങ്കിൽ നാളിതുവരെ പി.എസ്.സി. വഴി അല്ലാതെ എത്ര നിയമനങ്ങൾ നടന്നു;

(സി) ഏതെല്ലാം തസ്തികകളിൽ എത്ര പേരെ നിയമിക്കുകയുണ്ടായി;

(ഡി) ഏത് നടപടി ക്രമത്തിലൂടെയാണ് നിയമനം നടത്തിയത്; നിയമനങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എന്ത് നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഏതെങ്കിലും ഒഴിവുകളിലേക്ക് ആരെയെങ്കിലും താൽക്കാലികമായി പ്രൊമോട്ട് ചെയ്തിട്ടുണ്ടോ; ഏതെല്ലാം പോസ്റ്റിൽ ആരെയൊക്കെയാണ് പ്രൊമോട്ട് ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) പി.എസ്.സി. യുടെ അനുമതി ഇല്ലാതെ താൽക്കാലിക പ്രൊമോഷൻ നടത്താൻ ബോർഡിന് അധികാരം ഉണ്ടായിരുന്നുവോ; ഇല്ലെങ്കിൽ നിയമവിരുദ്ധമായി നടത്തിയ പ്രൊമോഷനുകളും നിയമനങ്ങളും റദ്ദു ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

(സി ആന്റ് ഡി) ചോദ്യം പ്രസക്തമല്ല.

(ഇ) പി.എസ്.സി. വഴിയുള്ള നിയമന നടപടികൾ പൂർത്തിയായിട്ടില്ലാത്തതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ പി.എസ്.സി. യുടെ നടപടി ക്രമങ്ങൾ പൂർത്തിയാകാൻ കാലതാമസം വരുന്നതിനാൽ സി.ജി.എം., അക്കൗണ്ട്സ് ഓഫീസർ എന്നീ തസ്തികകളിലേക്ക് പ്രൊമോഷൻ താൽക്കാലികമായി നൽകിയിട്ടുണ്ട്.

(എഫ്) താൽക്കാലികമായി പ്രൊമോഷൻ നടത്താൻ ബോർഡിന് അധികാരമുണ്ട്.

സഹകരണ സംഘങ്ങളിലെ പലിശ രഹിത വായ്പ

97 [535] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ, സ്റ്റാഫ് സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് അതിലെ അംഗങ്ങൾക്ക് പലിശ രഹിത വായ്പ നൽകുവാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവ് ലഭ്യമാക്കുമോ;

(ബി) പലിശരഹിത വായ്പ നൽകുവാൻ വ്യവസ്ഥയുണ്ടെങ്കിൽ അതിന്റെ പരിധി എത്ര രൂപയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly